സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂൺ 24 ശനി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## മോൺസൺ പ്രതിയായ സാമ്പത്തിക തട്ടിപ്പു കേസ്

# സുധാകരനെ അറസ്റ്റ് ചെയ്ത് വിട്ടയച്ചു

കൊച്ചി: സാമ്പത്തിക തട്ടിപ്പുകേസിൽ കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരന്റെ അറസ്റ്റിൽ. ക്രൈംബ്രാഞ്ച് അറസ്റ്റ് രേഖപ്പെടുത്തി. ഏഴ് മണിക്കൂർ നീണ്ടു നിന്ന ചോദ്യം ചെയ്യലിനൊടുവിലാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. മോൺസൺ മാവുങ്കൾ ഉൾപ്പെടെയുള്ള സാമ്പത്തിക തട്ടിപ്പു കേസിൽ രണ്ടാം പ്രതിയാണ് സുധാകരൻ. വെള്ളിയാഴ്ച രാവിലെയാണ് സുധാകരൻ ക്രൈംബ്രാഞ്ചിനു മുന്നിൽ ചോദ്യം ചെയ്യലിനു ഹാജരായത്. മുൻകൂർ ജാമ്യം ലഭിച്ചിട്ടുണ്ടെന്നും ചോദ്യങ്ങൾ നേരിടാൻ തയാറാണെന്നും സുധാകരൻ പ്രതികരിച്ചിരുന്നു. മുൻകൂർ ജാമ്യം ലഭിച്ചതിനാൽ വിട്ടയക്കുകയായിരുന്നു. ഇനിയും ചോദ്യം ചെയ്യലിന് ഹാജരാകേണ്ടിവന്നേക്കും.അതേ സമയം പുരാവസ്തു തട്ടിപ്പ് കേസിൽ തനിക്കെതിരെ എന്തെങ്കിലും തെളിവുണ്ടെന്ന് അന്വേഷണ സംഘം പറഞ്ഞിട്ടില്ലെന്ന് കെ.പി.സി.സി. അധ്യക്ഷൻ കെ. സുധാകരൻ. അവർക്ക് കുറേ കാര്യങ്ങൾ അറിയേണ്ടതുണ്ടായിരുന്നു. ചോദിച്ചതിനൊക്കെ ഉത്തരം പറഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. കേസിൽ അറസ്റ്റ് ചെയ്ത് വിട്ടയച്ചതിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.'കോടതിയിൽ വിശ്വാസമുണ്ട്. കോടതിയിൽ കേസ് വരട്ടെ. കേസിന്റെ മെറിറ്റും ഡീമെറിറ്റും കോടതി വിലയിരുത്തട്ടെ. അതിനനുസരിച്ച് എല്ലാം ഉൾക്കൊള്ളാൻ എന്റെ മനസ്സ് തയ്യാറായിട്ടുണ്ട്'. സുധാകരൻ പറഞ്ഞു. കേസിൽ തന്നെ ശിക്ഷിക്കാനുള്ള ഒരു തെളിവും പോലീസിന്റെ പക്കലില്ല എന്ന് ചോദ്യം ചെയ്യലിൽ മനസിലായി. ഒരിക്കലും ഞാൻ ഒളിവിൽ പോവില്ല. ഏത് പ്രതിസന്ധിയേയും അഭിമുഖീകരിക്കാൻ മനക്കരുത്തുണ്ട്. ആശങ്കയോ ഭയപ്പാടോ ഇല്ല, സുധാകരൻ പറഞ്ഞു. സുധാകരന്റെ അറസ്റ്റിൽ പ്രതികരണവുമായി കോൺഗ്രസ് നേതാക്കളും രംഗത്തുവന്നു. സർക്കാരിനെതിരേ നിരന്തര വിമർശനവും അഴിമതി ആരോപണങ്ങളും ഉന്നയിക്കുന്ന നേതാക്കൾക്കെതിരേ കള്ളക്കേസെടുക്കാനുള്ള നീക്കത്തെ കോൺഗ്രസും യു.ഡി.എഫും ശക്തമായി ചെറുക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.ഭീഷണികൊണ്ടും കള്ളക്കേസുകൊണ്ടും പ്രതിപക്ഷത്തെ നിശബ്ദരാക്കാമെന്ന് കരുതേണ്ട. ഡൽഹിയിൽ നരേന്ദ്ര മോദി ചെയ്യുന്നതിന്റെ കാർബൺ കോപ്പിയാണ് കേരളത്തിൽ പിണറായി ചെയ്യുന്നത്. ഭയമാണ് ഈ സർക്കാരിനെ നയിക്കുന്നത്. സർക്കാരിന്റെ അഴിമതിയും ജനവിരുദ്ധതയും ഇനിയും തുറന്നു കാട്ടുകതന്നെ ചെയ്യും', വി.ഡി. സതീശൻ പ്രസ്താവനയിൽ വ്യക്തമാക്കി.അതേസമയം പാർട്ടി നിർദേശത്തെ തുടർന്നാണ് സുധാകരനെ അറസ്റ്റ് ചെയ്തത് എന്ന ആരോപണവുമായി മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കെസെടുത്തതും അറസ്റ്റ് ചെയ്തതും രാഷ്ട്രീയ പ്രേരിതമാണെന്നും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷ നേതാക്കളെ പിണറായി ഓലപ്പാമ്പ് കാട്ടി വിരട്ടാൻ നോക്കേണ്ട. അഴിമതിയിലും കെടുകാര്യസ്ഥതയിലും മുഖം നഷ്ടപ്പെട്ട സർക്കാരും പാർട്ടിയും ജനശ്രദ്ധ തിരിക്കാനുള്ള തന്ത്രത്തിന്റെ ഭാഗമാണ് ഈ നാടകങ്ങളൊക്കെ. ഇതുകൊണ്ടൊന്നും പ്രതിപക്ഷത്തിന്റെ വായ് അടപ്പിക്കാമെന്ന് കരുതിയാൽ പിണറായിയും ഗോവിന്ദൻ മാഷും മൂഢസ്വർഗത്തിലാണ്. സർക്കാരിനെ വിമർശിക്കുന്നവരെ കേസിൽ കുടുക്കുന്ന മോദി സർക്കാരിന്റെ ഫാസിസ്റ്റ് മനോഭാവം തന്നെയാണ് പിണറായി വജയനെന്നും ചെന്നിത്തല പറഞ്ഞു.



ചോദ്യംചെയ്യലിനായി ക്രൈംബ്രാഞ്ച് ഓഫിസിലേക്ക് കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരൻ എത്തിയപ്പോൾ

### കെ.പി.സി.സി ഇന്ന് കരിദിനം ആചരിക്കും

തിരുവനന്തപുരം: കെ.സുധാകരനെ അറസ്റ്റ് ചെയ്തതിൽ ശക്തമായ പ്രതിഷേധത്തിനൊരുങ്ങി കോൺഗ്രസ്. ഇന്ന് സംസ്ഥാനവ്യാപകമായി കെ.പി.സി.സി കരിദിനം ആചരിക്കും. കൂടാതെ ബൂത്ത് തലം മുതൽ പന്തം കൊളുത്തി പ്രകടനം അടക്കമുള്ള സമരപരിപാടികൾ നടക്കും. വൈകീട്ട് നാല് മണിക്ക് തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് സെക്രട്ടറിയേറ്റിലേക്ക് പ്രതിഷേധ മാർച്ചും നടത്തും. പ്രതിഷേധ പ്രകടനങ്ങളിൽ പ്രവർത്തകർ സംയമനം പാലിക്കണമെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി ടി.യു രാധാകൃഷ്ണൻ ആവശ്യപ്പെട്ടു. കെ.സുധാകരന്റെ അറസ്റ്റിൽ മുഖ്യമന്ത്രി പിണറായി വിജയനെയും സി.പി.എമ്മിനെയും വിമർശിച്ച് കോൺഗ്രസ് ദേശീയ നേതൃത്വം രംഗത്ത് വന്നിട്ടുണ്ട്. പാറ്റ്നയിൽ പ്രതിപക്ഷ സഖ്യ ചർച്ചയുണ്ടായ ദിവസം തന്നെ കെ.പി.സി.സി പ്രസിഡന്റിനെ അറസ്റ്റ് ചെയ്തത് ബി.ജെ.പിയെ സുഖിപ്പിക്കാനെന്ന് കെ.സി വേണുഗോപാൽ പറഞ്ഞു. പ്രതികാര രാഷ്ട്രീയം സി.പി.എമ്മിനെ നാശത്തിലേക്ക് നയിക്കുമെന്നും വേണുഗോപാൽ പ്രതികരിച്ചു. ദേശീയ തലത്തിൽ പ്രതിപക്ഷം ഒന്നിച്ച് നിൽക്കുമ്പോൾ മുണ്ടുടുത്ത മോദിയെന്ന് തെളിയിക്കാനാണ് പിണറായി ശ്രമിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് ജയ്റാം രമേശും കുറ്റപ്പെടുത്തി. സി.പി.എമ്മിന്റെ തെറ്റായ നടപടികൾക്ക് ജനഹിതത്തിലൂടെയും നീതിന്യായ വ്യവസ്ഥയിലൂടെയും മറുപടി നൽകുമെന്നും എ.ഐ.സി.സിയും ട്വീറ്റ് ചെയ്തു. ഇന്നലെ രാത്രി സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ കോൺഗ്രസ് പ്രവർത്തകർ റോഡ് ഉപരോധിച്ചും മുഖ്യമന്ത്രിയുടെ കോലം കത്തിച്ചും പ്രതിഷേധിച്ചിരുന്നു.

---

# വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസിൽ നിഖിൽ തോമസ് പിടിയിൽ

## കോട്ടയം ബസ് സ്റ്റാന്റിൽ നിന്നാണ് പ്രതിയെ പോലിസ് പിടികൂടിയത്

തിരുവനന്തപുരം: വ്യാജ സർട്ടിഫിക്കറ്റ് കേസിൽ നിഖിൽ തോമസിനെ പോലിസ് പിടികൂടി. കോട്ടയം ബസ് സ്റ്റാന്റിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. ഒളിവിലായി അഞ്ച് ദിവസം കഴിഞ്ഞാണ് നിഖിലിനെ പിടികൂടുന്നത്. കീഴടങ്ങാൻ നിഖിലിന് മേൽ സമ്മർദമുണ്ടായിരുന്നു. നേരത്തെ നിഖിലിന്റെ അച്ഛനെയും സഹോദരങ്ങളെയും സ്റ്റേഷനിൽ വിളിച്ചുവരുത്തി മണിക്കൂറുകൾ ചോദ്യം ചെയ്തിരുന്നു. ബിരുദ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കലിംഗ സർവകലാശാല തന്നെ വ്യക്തമാക്കിയതിന് പിന്നാലെ ഇയാളെ എസ്.എഫ്.ഐ പുറത്താക്കിയിരുന്നു. വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റ് നിർമിക്കാൻ നിഖിൽ തോമസിനെ സഹായിച്ചത് വിദേശത്തുള്ള മുൻ എസ്.എഫ്.ഐ നേതാവെന്ന് സൂചനയുണ്ട്. നിർമാണം നടന്നത് കൊച്ചി കേന്ദ്രീകരിച്ചാണെന്നും നിഖിലിന്റെ സുഹൃത്ത് പോലിസിന് മൊഴി നൽകിയിട്ടുണ്ട്.അതേസമയം നിഖിലിന്റെ ഒളിവുകാലത്തെ യാത്രകൾ പോലിസ് കണ്ടെത്തി. 17ന് വൈകീട്ടാണ് നിഖിൽ കായംകുളം വിടുന്നത്. കായംകുളം സി.പി.എം ഏരിയാ കമ്മിറ്റിയംഗം എം. നസീർ, ഡി.വൈ.എഫ്.ഐ തഴവ ബ്ലോക്ക് ജോയിന്റ് സെക്രട്ടറി ബി.കെ നിയാസ് എന്നിവരും നിഖിലിനൊപ്പം ഉണ്ടായിരുന്നു.



പോലിസ് കസ്റ്റഡിയിൽ നിഖിൽ തോമസ്

തിരുവനന്തപുരത്തേക്ക് വന്ന നിഖിൽ അന്ന് രാത്രി വർക്കലയിലെ സ്വകാര്യ റിസോർട്ടിലാണ് തങ്ങിയത്. ഞായറാഴ്ച വൈകിട്ട് നിയാസും നസീറും നിഖിലിനെ കായംകുളത്തെ വീട്ടിൽ എത്തിച്ചു. 19ന് രാവിലെ മൂന്ന് പേരും ചേർന്ന് വീഗാലാന്റിലേക്ക് യാത്ര പോയി. അന്ന് രാത്രി എട്ട് മണിയോടെ കായംകുളത്ത് തന്നെ തിരിച്ചെത്തി. എന്നാൽ രാത്രി തന്നെ വീട്ടിൽ നിന്ന് ഇറങ്ങി. ചൊവ്വാഴ്ച മുതൽ പല സ്ഥലങ്ങളിലായി മാറി മാറി താമസിക്കുകയായിരുന്നു. ഇന്നലെ വൈകിട്ട് കോഴിക്കോട് നിന്ന് സൂപ്പർ ഫാസ്റ്റിൽ കയറിയ നിഖിൽ കോട്ടയത്ത് പിടിയിലാവുകയായിരുന്നു.

---



കലാപം രൂക്ഷമായ മണിപ്പൂരിൽ നിന്നുള്ള ദൃശ്യം

# കലാപത്തിന് ശമനമില്ലാതെ മണിപ്പൂർ; തുടർച്ചയായ മൂന്നാം ദിവസവും സൈന്യവും അക്രമികളും ഏറ്റുമുട്ടി

ഇംഫാൽ: മണിപ്പൂരിൽ തുടർച്ചയായ മൂന്നാം ദിനവും സുരക്ഷാ സേനയും കലാപകാരികളും തമ്മിൽ ഏറ്റുമുട്ടി. കിഴക്കൻ ഇംഫാൽ, കാങ്പോക്പി ജില്ലകളിലാണ് വെടിവയ്പ്പ് കനക്കുന്നത്. ബി.എസ്.എഫിന്റെയും സൈന്യത്തിന്റെയും സംയുക്ത പട്രോളിങ് ടീമും തിരിച്ചറിഞ്ഞിട്ടില്ലാത്ത കലാപകാരികളുടെ സംഘവും തമ്മിൽ തുടർച്ചയായി ഏറ്റുമുട്ടുകയാണ്.

കിഴക്കൻ ഇംഫാലിൽ വെടിവയ്പ്പ് നടന്നുകൊണ്ടിരിക്കെയായിരുന്നു കാങ്പോക്പി ജില്ലയിലും ഏറ്റുമുട്ടൽ ഉണ്ടായത്. പ്രശ്നബാധിത മേഖലയിൽ സൈന്യത്തെ കൂടുതലായി വിന്യസിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഒരു വിഭാഗം സ്ത്രീകളുടെ നേതൃത്വത്തിൽ ഈ നീക്കങ്ങൾ തടയുകയാണ്. യായിൻഗാങ്പൊക്പി, സെയ്ജാങ് പ്രദേശങ്ങളിലേക്ക് അധിക സുരക്ഷാ സേനയെത്തുന്നതിനെതിരേ പ്രതിഷേധവുമായി സ്ത്രീകൾ രംഗത്തെത്തിയിരുന്നു. സൈനികരുമായെത്തുന്ന വണ്ടികളെ തടയുകയും ചെയ്തു. ഇത് പെട്ടെന്ന് തിരിച്ചടിക്കുന്നതിൽ സൈന്യത്തിന് വെല്ലുവിളിയാണ്.

കിഴക്കൻ ഇംഫാലിലെ ഉറങ്പട്, കാങ്പോക്പിയിലെ യായിൻഗാങ്പൊക്പി ജില്ലകളിലായിരുന്നു വെള്ളിയാഴ്ച ഏറ്റുമുട്ടൽ ഉണ്ടായത്. ഒരു കൂട്ടം ആയുധധാരികളായ അക്രമകാരികൾ ഉറങ്പട്, ഗ്വാൽടാബി ഗ്രാമങ്ങൾ ലക്ഷ്യമാക്കി നുഴഞ്ഞ് കയറുകയായിരുന്നു. ഇവർ ഗ്രാമീണ മേഖലകളിൽ വിന്യസിച്ചിരുന്ന സൈനികർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. സൈന്യവും ശക്തമായി തിരിച്ചതോടെ ഏറ്റുമുട്ടൽ കനത്തുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. ഒരു മണിക്കൂറോളം ഏറ്റുമുട്ടൽ നീണ്ടുനിന്നു. തുടർച്ചയായ ആക്രമണങ്ങളെ തുടർന്ന് മേഖലയിലെ രണ്ട് ഗ്രാമങ്ങളിൽ നിന്നുള്ള താമസക്കാർ ദിവസങ്ങൾ മുൻപ് തന്നെ മറ്റിടങ്ങളിലേക്ക് മാറിയിരുന്നതിനാൽ ആളപായങ്ങളൊന്നും ഉണ്ടായില്ല. മണിപ്പൂരിലെ സ്ഥിതിഗതികൾ ചർച്ച ചെയ്യാൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഡൽഹിയിൽ സർവകക്ഷിയോഗം ചേരും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് യോഗം. കലാപം നിയന്ത്രണവിധേയമാകാത്തതിനാൽ കഴിഞ്ഞ അൻപതിലധികം ദിവസങ്ങളായി മണിപ്പൂരിൽ ഇന്റർനെറ്റ് നിരോധനമാണ്. ജൂൺ 25 വരെയാണ് നിലവിൽ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്.

---

# കെ.സുധാകരനെതിരേയുള്ള കേസ് രാഷ്ട്രീയ പ്രേരിതമല്ല: എം.വി ഗോവിന്ദൻ

ന്യൂഡൽഹി: കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരനെതിരേയുള്ള കേസ് രാഷ്ട്രീയപ്രേരിതമല്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. സുധാകരൻ ഉൾപ്പെട്ടത് രാഷ്ട്രീയ കേസിലല്ല, ഗൗരവമേറിയ തട്ടിപ്പ് കേസിലാണ്. അതിനാലാണ് നടപടിയെടുത്തതെന്നും രാഷ്ട്രീയപ്രേരിതമല്ലെന്നും എം.വി ഗോവിന്ദൻ പറഞ്ഞു. കെ. സുധാകരൻ കെ.പി.സി.സി പ്രസിഡന്റ് സ്ഥാനത്ത് തുടരണോ വേണ്ടേയോയെന്നത് തങ്ങളുടെ വിഷയമല്ലെന്ന് അദ്ദേഹം പറഞ്ഞു. തട്ടിപ്പ് കേസിൽ ഉൾപ്പെട്ടയാൾ ഈ സ്ഥാനത്ത് തുടരുന്നത് ധാർമികമായി ശരിയാണോയെന്ന് കോൺഗ്രസാണ് തീരുമാനിക്കേണ്ടത്. തങ്ങൾക്കതിൽ പ്രശ്നങ്ങളില്ല. ഇത് രാഷ്ട്രീയ പ്രേരിതമാണെന്ന കോൺഗ്രസിന്റെ വാദം കേരളത്തിലെ ജനം അംഗീകരിക്കില്ല. ഫലപ്രദമായ അന്വേഷണം നടക്കുന്നുണ്ട്. കൃത്യമായ തെളിവുകളുണ്ടെന്നാണ് മനസിലാക്കുന്നത്. കേസും അതിന്റെ അനുബന്ധ നടപടികളും ഉമ്മൻചാണ്ടി മുൻപ് പറഞ്ഞത് പോലെ അതിന്റെ വഴിക്ക് നടക്കും. കേസ് കൈകാര്യം ചെയ്യുകയെന്ന് മാത്രമേ അക്കാര്യത്തിൽ പറയാനുള്ളൂ. ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന്റെ പേരിലും കേസുണ്ട്, മുൻപത്തെ പ്രതിപക്ഷ നേതാവിന്റെ പേരിലും കേസുണ്ട്. അതെല്ലാം പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കുമെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

## ടൈറ്റൻ യാത്രയ്ക്ക് സുലൈമാന് ഭയമായിരുന്നു; ഷഹ്സാദയുടെ സഹോദരി



ന്യൂയോർക്ക്: ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങൾ കാണാൻ ആഴക്കടലിലേക്കുപോയ സമുദ്രപേടകം ടൈറ്റൻ തകർന്ന് പിതാവ് ഷഹ്സാദ ദാവൂദിനൊപ്പം മരിച്ച സുലൈമാൻ ദാവൂദിന് ഈ യാത്രയ്ക്ക് ഭയമുണ്ടായിരുന്നതായി പിതൃസഹോദരി. യാത്ര പോകുന്നതിന് ദിവസങ്ങൾക്കു മുൻപ് പത്തൊൻപതുകാരനായ സുലൈമാൻ ദാവൂദ് എതിർപ്പു പ്രകടിപ്പിച്ചിരുന്നു. സാഹസികതയിൽ താൽപര്യമുള്ള പിതാവിനെ സന്തോഷിപ്പിക്കാനാണ് സുലൈമാൻ ടൈറ്റൻ യാത്രയ്ക്ക് തയ്യാറായത്. ടൈറ്റാനിക്കിനോടും സമുദ്ര പര്യവേഷണങ്ങളോടുമുള്ള ഷഹ്സാദയുടെ അടങ്ങാത്ത അഭിനിവേശമാണ് ഇരുവരെയും ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾ തേടിയുള്ള യാത്രയിലേക്ക് നയിക്കുന്നത്. അസ്മേ ദാവൂദ് പറഞ്ഞു.

കുടുംബം മുഴുവൻ ഹൃദയം തകർന്ന അവസ്ഥയിലാണ്. വളരെയധികം മാനസിക സംഘർഷത്തിലൂടെയാണ് കടന്നുപോകുന്നത്. രാജ്യാന്തര മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ ഇവർ പറഞ്ഞു. ഒരു ദുഃസ്വപ്നത്തിൽ അകപ്പെട്ടതു പോലെയാണ് താനെന്നും അവരെക്കുറിച്ച് ചിന്തിക്കുന്ന ഓരോ നിമിഷവും തന്റെ ശ്വാസം നിലയ്ക്കുന്നതുപോലെയാണ് അനുഭവപ്പെടന്നതും അവർ പറഞ്ഞു. ടൈറ്റനിൽ സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് കൂപ്പുകുത്തിയ അഞ്ചു യാത്രക്കാരിലെ ഏറ്റവും പ്രായം കുറഞ്ഞയാളാണ് സുലൈമാൻ ദാവൂദ്. തിരച്ചിൽ നടത്തി വിക്ടർ 6000 റോബട്ടാണ് സമുദ്രോപരിതലത്തിൽനിന്നു നാലു കിലോമീറ്റർ താഴെ 'ടൈറ്റൻ' എന്ന സമുദ്രപേടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. ഇതോടെ പേകടത്തിലുണ്ടായിരുന്ന അഞ്ച് യാത്രക്കാരും മരിച്ചതായി പേടകത്തിന്റെ ഉടമകളായ ഓഷ്യൻ ഗേറ്റ് എക്സ്പെഡിഷൻസ് കമ്പനി സ്ഥിരീകരിക്കുകയായിരുന്നു. ഷഹ്സാദ ദാവൂദ്, മകൻ സുലൈമാൻ എന്നിവരെ കൂടാതെ ദുബായിലെ ബ്രിട്ടിഷ് വ്യവസായിയും ആക്ഷൻ ഏവിയേഷൻ കമ്പനിയുടെ ചെയർമാനുമായ ഹാമിഷ് ഹാർഡിങ്, പേടകത്തിന്റെ പൈലറ്റ് ഫ്രഞ്ച് പൗരൻ പോൾ ഹെൻറി നർസലേ, ഓഷ്യൻ ഗേറ്റ് കമ്പനിയുടെ സ്ഥാപകനും സി.ഇ.ഒയുമായ സ്റ്റോക്ടൻ റഷ് എന്നിവരാണു പേടകത്തിലുണ്ടായിരുന്നത്.

## കൊവിഡിന്റെ ഉത്ഭവത്തിന് ചൈനയിലെ വുഹാൻ ലാബ് ആണെന്നതിന് തെളിവില്ലെന്ന് യു.എസ് ഇന്റലിജന്റ്സ്




ന്യൂയോർക്ക്: ചൈനയിലെ വുഹാൻ ലാബിൽ നിന്നാണ് കൊവിഡ് വൈറസിന്റെ ഉത്ഭവം എന്നതിന് കൃത്യമായ തെളിവുകൾ ലഭ്യമായിട്ടില്ലെന്ന് യു.എസ് ഇന്റലിജന്റ്സ് ഏജൻസിയുടെ റിപ്പോർട്ട്. മഹാമാരിയുടെ യഥാർത്ഥ ഉത്ഭവം കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്ന് യു.എസ് ഇന്റലിജന്റ്സ് വിഭാഗം. കൊവിഡ് വൈറസ് സ്വാഭാവികമായി രൂപപ്പെട്ടതാണോ അതല്ല ലാബിൽ നിന്ന് ഉത്ഭവിച്ചതാണോ എന്ന് നിർണയിക്കാൻ ഒരു ഏജൻസിക്കും സാധിച്ചിട്ടില്ലെന്നാണ് റിപ്പോർട്ടിന്റെ ഉള്ളടക്കം. വുഹാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വിപുലമായ അന്വേഷണം നടത്തിയെങ്കിലും ഒരു പൊട്ടിത്തെറിയിലൂടെ വൈറസ് പുറത്തുവന്നുവെന്ന അഭ്യൂഹങ്ങൾക്കുള്ള തെളിവുകളൊന്നും ലഭ്യമായിട്ടില്ല. ഇതുവരെ മഹാമാരിയുടെ ഉത്ഭവം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഇന്റലിജന്റ്സ് വിഭാഗം ചൂണ്ടിക്കാട്ടുന്നു. കൊവിഡ് മഹാമാരി ലോകം മുഴുവൻ വ്യാപിച്ചതിന് പിന്നാലെ വൈറസിന്റെ ഉത്ഭവം വുഹാനിലെ ലാബിലുണ്ടായ പൊട്ടിത്തെറിയാണെന്ന ആരോപണം ശക്തമായിരുന്നു. പിന്നാലെ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ചൈനയിൽ നിന്നടക്കം പുറത്ത് വന്നു. കൊവിഡ് വൈറസ് ചൈനയിലെ ലബോറട്ടറിയിൽ നിന്ന് ചോർന്നതാകാമെന്ന സാധ്യത തള്ളിക്കളയാനാകില്ലെന്ന് ചൈനയുടെ മുൻ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മേധാവി പ്രൊഫസർ ജോർജ്ജ് ഗാവോ ആരോപിച്ചിരുന്നു. അന്ന് അമേരിക്കൻ പ്രസിഡന്റായിരുന്ന ഡോണൾഡ് ട്രംപ് അടക്കം ആരോപണമുന്നയിച്ചിരുന്നു. 2019 ഡിസംബറിലാണ് ചൈനയിലെ വുഹാനിൽ നിന്നും കൊവിഡ് വൈറസ് ഉത്ഭവിക്കുന്നത്. വുഹാനിലെ ചന്തയാണ് വൈറസിന്റെ ഉത്ഭവ കേന്ദ്രമെന്നായിരുന്നു ആദ്യ ഘട്ടത്തിൽ പുറത്തുവന്ന റിപ്പോർട്ടുകൾ.

## ചോറ് കഴിച്ചില്ലെങ്കിൽ ശരീരത്തിന് എന്ത് സംഭവിക്കും?



നമ്മുടെ ദൈനംദിന ജീവിതത്തിലെ പ്രധാനപ്പെട്ട ഭക്ഷണമാണ് ചോറ്. രാവിലെയാണെങ്കിൽ അരിപ്പൊടികൊണ്ടോ അരി അരച്ചോ ഉള്ള പലഹാരങ്ങളാണ് നമ്മൾ മലയാളികൾ കഴിക്കാറുള്ളത്. ഉച്ചയ്ക്കും ചോറ് തന്നെയാണ് പ്രധാന ഭക്ഷണം. എന്നിരുന്നാലും, പ്രധാന ഭക്ഷണമായി അരിയെ ആശ്രയിക്കുന്നത് എല്ലായ്പ്പോഴും ആരോഗ്യത്തിന് നല്ലതല്ല. ചില അവശ്യ കാർബോഹൈഡ്രേറ്റുകൾ അരിയിൽ നിന്ന് ലഭിക്കുന്നുണ്ടെങ്കിലും കൂടുതൽ അന്നജവും കുറഞ്ഞ പോഷണവുമാണ് അരിയിലുള്ളത്. വല്ലപ്പോഴുമായി അരി ഭക്ഷണം കഴിക്കുന്നതിൽ തെറ്റില്ലെങ്കിലും ഇത് കാർബോഹൈഡ്രേറ്റ് ആയതിനാൽ കഴിക്കുന്നത് നിയന്ത്രിക്കുന്നത് നല്ലതാണെന്ന് വിദഗ്ധർ പറയുന്നു. അരി ഭക്ഷണം ഉപേക്ഷിക്കുമ്പോൾ, ശരീരത്തിലെത്തുന്ന കലോറി കുറയും ശരീരഭാരം കുറയാൻ ഇത് കാരണമാകും. ശരീരത്തിലെത്തുന്ന കാർബോഹൈഡ്രേറ്റ് കുറയുമ്പോൾ സ്വാഭാവികമായി രക്തത്തിലെ പഞ്ചസാരയുടെ അളവിലും സ്ഥിരത വരും. എന്നിരുന്നാലും, അരി ഒഴിവാക്കിയാൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് ആ സമയത്തേക്ക് മാത്രമാണ്. വീണ്ടും ചോറ് കഴിക്കാൻ തുടങ്ങിയാൽ ഗ്ലൂക്കോസിന്റെ അളവ് പഴയ അവസ്ഥയിലേക്ക് തന്നെ പോകും എന്ന കാര്യത്തിൽ സംശയിക്കേണ്ട. തലേ ദിവസത്തെ ചോറ് തിളപ്പിച്ച് പിറ്റേ ദിവസം കഴിക്കുന്നതിൽ കാര്യമുണ്ടോ എന്ന് സംശയിക്കുന്നവരുമുണ്ട്. വീണ്ടും വീണ്ടും കഴുകുകയും തിളപ്പിക്കുകയും ചെയ്യുമ്പോൾ അരിയിലുള്ള അന്നജം കുറച്ച് നഷ്ടപ്പെടും എന്നത് മാത്രമാണ് വ്യത്യാസം. തവിടോട് കൂടിയ അരി കഴിക്കുന്നത് താരതമ്യേന ഗുണകരമാണ്. അപ്പോഴും നാരുകൾ അടങ്ങിയ പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കുക.

## ഫയർ എക്സ്റ്റിംഗുഷർ പൊട്ടിത്തെറിച്ച് വിദ്യാർഥി മരിച്ചു



തായ്‌ലൻഡ്: അഗ്നി ശമനത്തിനുപയോഗിക്കുന്ന ഉപകരണമായ ഫയർ എക്സ്റ്റിംഗുഷർ പൊട്ടിത്തെറിച്ച് വിദ്യാർഥി മരിച്ചു. 21 പേർ പരുക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലാണ്. തായ്‌ലൻഡിലെ ബാങ്കോക്കിലെ രാജവിനിത് മത്തയോം എന്ന സ്കൂളിൽ സംഘടിപ്പിച്ച ഫയർ ഡ്രില്ലിനിടെയാണ് ദാരുണമായ അപകടം സംഭവിച്ചത്. 10 മീറ്ററോളം അകലെ മാറി നിന്നിരുന്ന വിദ്യാർഥിക്ക് നേരെ സ്ഫോടനത്തിൽ എക്സ്റ്റിംഗുഷർ ചെന്ന് പതിക്കുകയായിരുന്നു. വെയിലോ ചൂടോ കാരണമാകാം എക്സ്റ്റിംഗുഷർ തകരാറിലായതെന്ന് രക്ഷാപ്രവർത്തകർ പറഞ്ഞു. മരിച്ച വിദ്യാർഥിയുടെ പ്രായം സ്ഥിരീകരിച്ചിട്ടില്ല. ഡ്രില്ലിൽ ഉപയോഗിച്ച എക്സ്റ്റിംഗുഷറുകൾ എല്ലാം പോലിസിന്റെ ഫോറൻസിക് വിഭാഗത്തിലേക്ക് അയച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. പൊട്ടിത്തെറിച്ച കാനിസ്റ്ററിൽ കാർബൺ ഡൈ ഓക്സൈഡ് അടങ്ങിയിട്ടുണ്ടെന്ന് സംഭവസ്ഥലത്തെ രക്ഷാപ്രവർത്തന സംഘടനയായ റുവാംകതന്യൂ ഫൗണ്ടേഷൻ അറിയിച്ചു. എക്സ്റ്റിംഗുഷറുകൾ ഉപയോഗിച്ച് കഴിയുമ്പോൾ സാധാരണയായി രാസവസ്തുക്കൾ ഉപയോഗിച്ച് വീണ്ടും നിറയ്ക്കാറുണ്ട്. ഇതിൽ വന്ന അപാകതകളാകാം പൊട്ടിത്തെറിക്ക് കാരണമെന്നും പറയപ്പെടുന്നു.

# നഗരദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിൽ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി സുപ്രധാന പങ്ക് വഹിച്ചു: മന്ത്രി എം.ബി രാജേഷ്

### ദ്വിദിന ദേശീയ ശിൽപശാലയ്ക്ക് തുടക്കമായി, സംസ്ഥാനത്ത് പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീ

കൊച്ചി: സംസ്ഥാനത്ത് നഗരദരിദ്രർ അനുഭവിക്കുന്ന ബഹുമുഖ ദാരിദ്ര്യം തുടച്ചുനീക്കുന്നതിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി സുപ്രധാന പങ്കു വഹിച്ചെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. 'നഗര ദാരിദ്ര്യ നിർമാർജനത്തിന് നൂതന സമീപനങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി എറണാകുളം അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ 23, 24 ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.മികച്ച പദ്ധതി നിർവഹണത്തിന് 2021-22 സാമ്പത്തിക വർഷം ദേശീയ സ്പാർക് റാങ്കിങ്ങിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ആന്ധ്ര പ്രദേശ്, കേരള, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്കും 2022-23 സാമ്പത്തിക വർഷത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ഗുജറാത്ത്, കേരള, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്കും മന്ത്രി പുരസ്കാരം സമ്മാനിച്ചു. 2021-22ൽ വടക്കുകിഴക്കൻ മേഖലയിൽ മികച്ച രീതിയിൽ പദ്ധതി നടപ്പാക്കിയതിന് മിസോറാം, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്കും 2022-23 ൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ മിസോറാം, ഹിമാചൽപ്രദേശ്, ത്രിപുര എന്നീ സംസ്ഥാനങ്ങൾക്കും മന്ത്രി പുരസ്കാരം സമ്മാനിച്ചു. 'യു ലേൺ 2.0 'മൊബൈൽ ആപ്ലിക്കേഷന്റെ ലോഞ്ചിങ്ങും മന്ത്രി നിർവഹിച്ചു.ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങളുടെ നിഷേധമോ ഇല്ലായ്മയോ നേരിടുന്ന നഗരദരിദ്രർക്ക് അത് ലഭ്യമാക്കുന്നതോടൊപ്പം ആവിഷ്കാര സ്വാതന്ത്ര്യം, സാമൂഹ്യ സ്വീകാര്യത, ജനാധിപത്യ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തം എന്നിങ്ങനെ അടിസ്ഥാന അവകാശങ്ങൾ കൂടി ലഭ്യമാക്കിക്കൊണ്ടാണ് കുടുംബശ്രീ നഗരമേഖലയിൽ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമാർജന പദ്ധതികൾ നടപ്പാക്കുന്നതിൽ കഴിഞ്ഞ 25 വർഷത്തെ വൈദഗ്ധ്യവും സുശക്തമായ സാമൂഹ്യ സംഘടനാസംവിധാനവും ദേശീയ-നഗര ഉപജീവന ദൗത്യം പദ്ധതി കേരളത്തിൽ വിജയകരമായി നടപ്പാക്കുന്നതിനുള്ള അന്തരീക്ഷം പ്രദാനം ചെയ്യുന്നതിൽ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. നൂതനവും പരീക്ഷിച്ചതും തെളിയിക്കപ്പെട്ടതുമായ ആശയങ്ങളും സമീപനങ്ങളും കേന്ദ്രീകൃത നയങ്ങളും നടപ്പാക്കുന്നതിലും സംസ്ഥാനം വിജയിച്ചിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ തുടക്കം മുതൽ മികച്ച പ്രകടന സ്ഥിരത കാഴ്ച വയ്ക്കാൻ കഴിയുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനവും തമ്മിലുള്ള സംയോജനം ഏറെ സഹായകമായിട്ടുണ്ട്.



ദ്വിദിന ദേശീയ ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിക്കുന്ന മന്ത്രി എം.ബി രാജേഷ്

സർക്കാരിന്റെ വിവിധ നയതല തീരുമാനങ്ങളും ഉത്തരവുകളും കുടുംബശ്രീയുടെ വനിതാ ശൃംഖലയ്ക്ക് സുസ്ഥിരമായ ഉപജീവന മാർഗം നേടുന്നതിന് എല്ലായ്പ്പോഴും പിന്തുണ നൽകുന്നു. ഈ ഇടപെടലുകൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക ഭൂപ്രകൃതിയെ വികസനപരമായി പരിവർത്തനം ചെയ്തിട്ടുണ്ട്. നീതിആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം 0.71 ശതമാനം എന്ന കണക്കിൽ ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തെ പട്ടികപ്പെടുത്തിയിട്ടുണ്ട്. ദേശീയതലത്തിൽ ഈ നേട്ടം കൈവരിക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. ഇന്ന് സംസ്ഥാനത്തെ വിവിധ ബാങ്കുകളിലായി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടേതായി 8600 കോടി രൂപയുടെ നിക്ഷേപമാണുള്ളത്. ഇങ്ങനെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ ചരിത്രപരമായ പരിണാമം കൈവരിക്കാൻ കുടുംബശ്രീക്ക് സാധിച്ചു. അതിദരിദ്രരെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖേന നടത്തിയ സർവേയിലൂടെ 64,006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഈ കുടുംബങ്ങളെ 2025 നവംബർ ഒന്നിനകം ദാരിദ്ര്യത്തിൽ നിന്നു കരകയറ്റാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇത് നടപ്പാക്കുന്നതിലും കുടുംബശ്രീക്ക് സുപ്രധാന പങ്ക് വഹിക്കാനാകും. നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ എന്ന നിലയിൽ നഗരമേഖലയിലും സേവനങ്ങൾ ലഭ്യമാക്കാൻ കുടുംബശ്രീ തയ്യാറാണ്. എൻ. യു.എൽ.എം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ രൂപകൽപ്പനയ്ക്ക് ശരിയായ മാർഗ നിർദേശങ്ങളും പുതിയ പ്രതീക്ഷകളും നൽകാൻ ശിൽപശാല സഹായകമാകുമെന്നാണ് താൻ പ്രതീക്ഷിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. വർധിച്ചു വരുന്ന നഗരവൽക്കരണം പ്രതികൂലമായി ബാധിക്കുന്ന നഗരദരിദ്രരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി വ്യവസായ അക്കാദമിക മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ പുതിയ ആവാസ വ്യവസ്ഥ ഉണ്ടാക്കുമെന്ന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറിയും ദീൻ ദയാൽ അന്ത്യോദയ, പി.എം സ്വാനിധി മിഷൻ ഡയരക്ടറുമായ രാഹുൽ കപൂർ പറഞ്ഞു.നഗരദാരിദ്ര്യ നിർമാർജനത്തിന് ഡിജിറ്റൽ സാക്ഷരത സഹായകമാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പറഞ്ഞു. 'ദാരിദ്ര്യ നിർമാർജനവും സ്ത്രീശാക്തീകരണവും' എന്ന വിഷയത്തിൽ അവതരണവും നടത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയരക്ടർ അനുകുമാരി സ്വാഗതം പറഞ്ഞു. മന്ത്രി എം.ബി രാജേഷ്, ചെയർമാൻസ് ചെമ്പറിന്റെ ചെയർമാൻ കൃഷ്ണദാസ്, രാഹുൽ കപൂർ, ശാരദാ മുരളീധരൻ, എൻ.യു.എൽ.എം പദ്ധതി ഡയരക്ടർ ഡോ. മധുറാണി തിയോത്തിയ, പി.എം. സ്വാനിധി ഡയരക്ടർ ശാലിനി പാണ്ഡെ എന്നിവർ സംയുക്തമായി 'നഗരമേഖലയിലെ സൂക്ഷ്മസംരംഭങ്ങൾ-50 പഠനങ്ങൾ' പുസ്തകം പ്രകാശനം ചെയ്തു. 'അർബൻ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി കുടുംബശ്രീയെ വിഭാവനം ചെയ്യൽ' എന്ന വിഷയത്തിൽ അനുകുമാരി, എൻ.ആർ.ഓ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ സജിത് സുകുമാരൻ എന്നിവർ അവതരണം നടത്തി. വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ മികച്ച മാതൃകകൾ അവതരിപ്പിച്ചു. പദ്ധതി നടപ്പാക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, കുടുംബശ്രീ സി.ഡി.എസ് അധ്യക്ഷമാർ, റിസോഴ്സ് പേഴ്സൺമാർ, സിറ്റി മിഷൻ മാനേജർമാർ തുടങ്ങിയവർ പങ്കെടുത്തു.



ആർ.ഡി.ഡി ഓഫിസ് ഉപരോധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എസ്.ഡി.പി.ഐ സംസ്ഥാന വൈസ് പ്രസിഡന്റ് പി.അബ്ദുൽ ഹമീദ്

## മലബാർ അവഗണന: പ്രശ്ന പരിഹാരത്തിന് പൊടിക്കൈകളല്ല ശാശ്വത പരിഹാരമാണ് വേണ്ടത്: പി.അബ്ദുൽ ഹമീദ്

കോഴിക്കോട്: മലബാറിനോടുള്ള അവഗണനയും വിവേചനവും ബോധപൂർവമാണെന്നും പ്രശ്ന പരിഹാരത്തിന് പൊടിക്കൈകളല്ല ശാശ്വത പരിഹാരമാണ് വേണ്ടതെന്നും എസ്.ഡി.പി.ഐ സംസ്ഥാന വൈസ് പ്രസിഡന്റ് പി.അബ്ദുൽ ഹമീദ് പറഞ്ഞു. കോഴിക്കോട് ഹയർസെക്കൻഡറി ആർ.ഡി.ഡി ഓഫിസ് ഉപരോധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മലബാറിനോടുള്ള മുണികളുടെ അവഗണന യാദൃശ്ചികമല്ല എന്ന മുദ്രാവാക്യമുയർത്തി എസ്.ഡി.പി.ഐ നടത്തുന്ന പ്രക്ഷോഭങ്ങളുടെ തുടർച്ചയായാണ് ഉപരോധ സമരം സംഘടിപ്പിച്ചത്.

വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല സർവ മേഖലകളിലും ബോധപൂർവമായ അവഗണനയും വിവേചനവുമാണ് മാറി മാറി വരുന്ന ഭരണകൂടങ്ങൾ സ്വീകരിക്കുന്നത്. പ്രാഥമികതലം മുതൽ ഉന്നത വിദ്യാഭ്യാസ രംഗം വരെ മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ന്യൂജൻ കോഴ്സുകളോ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങളോ ഇല്ല. ആരോഗ്യമേഖലയിലെ സ്ഥിതി അതിദയനീയമാണ്. മതിയായ യാത്രാ സൗകര്യങ്ങളില്ല. ജനസംഖ്യാനുപാതികമായി റവന്യൂ ഓഫിസുകൾ ഇല്ലാത്തത് മേഖലയുടെ വികസനത്തെ തന്നെ സാരമായി ബാധിക്കുകയാണ്. ബജറ്റ് വിഹിതം പോലും ആനുപാതികമായി വിതരണം ചെയ്യപ്പെടുന്നില്ല.

മലബാർ ജനതയുടെ നികുതി പണം പോലും യഥാവിധി അവരുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നില്ല എന്നത് ഖേദകരമാണ്.മലബാറിനോടുള്ള അവഗണനയും വിവേചനവും സംബന്ധിച്ച് സമഗ്രപഠനം നടത്തി നിർദേശങ്ങൾ മുന്നോട്ടുവെക്കുന്നതിന് നിയമസഭാ സാമാജികരുടെ സംയുക്ത സമിതിയെ നിയോഗിക്കുക, പരിഹാര നടപടികൾ ഉറപ്പു വരുന്നതുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക, ജനസംഖ്യാനുപാതികമായി റവന്യൂ-ഭരണ സംവിധാനങ്ങൾ വിഭജിക്കുക, മലബാറിൽ സെക്രട്ടേറിയേറ്റ് അനക്സും ഹൈക്കോടതി ബെഞ്ചും അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് സമരത്തിലൂടെ ഉന്നയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പാർട്ടി സംസ്ഥാന സെക്രട്ടറി പി.ആർ സിയാദ് അധ്യക്ഷത വഹിച്ചു.

സംസ്ഥാന സെക്രട്ടറി കെ.കെ അബ്ദുൽ ജബ്ബാർ, സംസ്ഥാന സമിതിയംഗം മുസ്തഫ പാലേരി, സംസ്ഥാന സമിതിയംഗവും മലപ്പുറം ജില്ലാ പ്രസിഡന്റുമായ ഡോ. സി എച്ച് അഷ്റഫ്, കോഴിക്കോട് ജില്ലാ പ്രസിഡന്റ് മുസ്തഫ കൊമ്മേരി, ജില്ലാ ജനറൽ സെക്രട്ടറി എൻ.കെ റഷീദ് ഉമരി സംസാരിച്ചു. ഉപരോധത്തിനു മുന്നോടിയായി പുഷ്പ ജങ്ഷനിൽ നിന്ന് ആർ.ഡി.ഡി ഓഫിസിലേക്ക് നടത്തിയ മാർച്ചിന് ജില്ലാ നേതാക്കൾ നേതൃത്വം നൽകി.

# നഗരദാരിദ്ര്യ നിർമാർജനത്തിന് നൂതന സമീപനങ്ങൾ

### ദേശീയ ശിൽപശാലയിൽ അറിവും അനുഭവങ്ങളും പങ്കുവച്ച് ടെക്നിക്കൽ സെഷനുകൾ

അങ്കമാലി: നഗരദാരിദ്ര്യ നിർമാർജനത്തിന് നൂതന സമീപനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന ശിൽപശാലയുടെ ആദ്യ ദിനം സംഘടിപ്പിച്ച വിവിധ ടെക്നിക്കൽ സെഷനുകൾ അവതരണത്തിന്റെ പുതുമ കൊണ്ട് വ്യത്യസ്ത അനുഭവമായി. അടിസ്ഥാന സൗകര്യ വികസനം-അഭിവൃദ്ധിയിലേക്ക് ഒരു പാത, എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നഗര ഉപജീവനം പരിപോഷിപ്പിക്കൽ, സാങ്കേതികതയിലൂടെ ഉപജീവനത്തിന്റെ ശാക്തീകരണം എന്നീ വിഷയങ്ങളിലാണ് അവതരണം നടന്നത്. തുടർന്ന് വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും എൻ.യു.എൽ.എം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ വിജയ മാതൃകകൾ അവതരിപ്പിച്ചു. പദ്ധതി വിജയത്തിന് കരുത്തു നൽകി ഓരോ സംസ്ഥാനത്തും നടപ്പാക്കുന്ന വൈവിധ്യമാർന്ന മാതൃകകൾ, പ്രവർത്തന കാലയളവിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്നിവ പരസ്പരം മനസിലാക്കാനും അറിയുവാനുമുള്ള അവസരമായും ശിൽപശാലയുടെ വേദി മാറി. അടിസ്ഥാന സൗകര്യ വികസനം-അഭിവൃദ്ധിയിലേക്ക് ഒരു പാത, എന്ന സെഷനിൽ സ്മാർട്ട് സിറ്റി മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സിന്റെ മുഖ്യ ഉപദേശക ജീനാൽ സാവ്‌ല മോഡറേറ്ററായി. കർണാടക, ഹിമാചൽ പ്രദേശ്, മിസോറാം, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്റ്റേറ്റ് മിഷൻ ഡയരക്ടർമാർ, ബെന്നി പീറ്റേർസ്, സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡെവലപ്മെന്റ് എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു.





ദ്വിദിന ശിൽപശാലയിലെ ടെക്നിക്കൽ സെഷനിൽ നിന്ന്

എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നഗര ഉപജീവനം പരിപോഷിപ്പിക്കൽ എന്ന വിഷയത്തിൽ ദീൻ ദയാൽ അന്ത്യോദയ -എൻ.യു.എൽ.എം ഡയരക്ടർ ഡോ.മധുറാണി തിയോത്തിയ മോഡറേറ്ററായി. അമൃത, പുനെ, യു.എം.സി ഡെപ്യൂട്ടി ഡയരക്ടർ മേഘ്ന മൽഹോത്ര, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ജഹാംഗീർ എസ്. എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്ത് പ്രവർത്തന അനുഭവങ്ങൾ വിശദീകരിച്ചു. സാങ്കേതികതയിലൂടെ ഉപജീവനത്തിന്റെ ശാക്തീകരണം എന്നീ വിഷയത്തിൽ പി.എം സ്വാനിധി ഡയരക്ടർ ശാലിനി പാണ്ഡെ മോഡറേറ്ററായി. എൻ.എസ്.സി ജനറൽ മാനേജർ എം.ശ്രീനിവാസൻ, ആസാം, തമിഴ്നാട്, ആന്ധ്രാപ്രദേശ് സ്റ്റേറ്റ് മിഷൻ ഡയരക്ടർമാരായ പഞ്ചമി ചൗധരി, വി.വിജയലക്ഷ്മി, ബി.പ്രിയങ്ക എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. നഗരദരിദ്രരുടെ ജീവിത പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് 2015 മുതൽ വിജയകരമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. പദ്ധതിയുടെ ഒന്നാം ഘട്ടം അവസാനിക്കുന്നതിനെ തുടർന്ന് രണ്ടാം ഘട്ടത്തിനുള്ള മാർഗനിർദേശങ്ങൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ദേശീയ ശിൽപശാലയിലാണ് പ്രത്യേകമായി തയ്യാറാക്കിയ വിഷയങ്ങളെ അധികരിച്ച് പാനൽ ചർച്ചകൾ സംഘടിപ്പിച്ചത്.

## വികാസ് മണമലിന്റെ മൈലാഞ്ചിയിടൽ മത്സരത്തിൽ പങ്കെടുക്കാം

കൊയിലാണ്ടി: വികാസ് മണമൽ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ 41ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ബലിപെരുന്നാളിനോടനുബന്ധിച്ച് മൈലാഞ്ചി മൊഞ്ച് 2023 എന്ന പേരിൽ മൈലാഞ്ചിയിടൽ മത്സരം സംഘടിപ്പിക്കുന്നു. ജൂൺ 25 ഞായറാഴ്ചയാണ് മത്സരം. കാനത്തിൽ ജമീല എം.എൽ.എ മുഖ്യാതിഥിയായി പങ്കെടുക്കും. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. 5000, 3000, 2000 എന്നിങ്ങനെ യഥാക്രമം ഒന്നാം സ്ഥാനത്തിനും രണ്ടാം



സ്ഥാനത്തിനും മൂന്നാം സ്ഥാനത്തിനും ക്യാഷ് അവാർഡ് ലഭിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം അനുവദിക്കുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9947222104, 9539089054 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.




അരങ്ങിൽ ശ്രീധരൻ ഗാന്ധിയൻ സോഷ്യലിസ്റ്റ് പഠനകേന്ദ്രം പ്രസിദ്ധീകരിച്ച 'അരങ്ങിൽ ശ്രീധരൻ ജന്മശതാബ്ദി പതിപ്പ്' ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള, മേയർ ബീനാ ഫിലിപ്പിന് നൽകി പ്രകാശനം ചെയ്യുന്നു. ആർ.ജയന്ത്കുമാർ, എം.കെ പ്രേംനാഥ്, സി.കെ നാണു, പി.ടി ആസാദ്, കെ.പി അബൂബക്കർ, അഡ്വ. കെ.ജയകുമാർ എന്നിവർ സമീപം

# ചങ്ക് പങ്കിട്ടവൻ



കവിത

**ഗിരിജ ജോജി**

ഒരു വാരം ശീതീകരിച്ച ഇരുട്ടുമുറിയിലെ പെട്ടിയിൽ ഇരുന്നത് കൊണ്ടാവാം പുറത്തിറക്കി കെട്ടഴിക്കുമ്പോൾ തന്നെ ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു..

നിലവിളക്കും തേങ്ങാമുറിയും വെച്ച് കുളിപ്പിക്കുക പോലും ചെയ്യാതെ ഒരുക്കി കിടത്തി. പലരും വന്നു കണ്ടു പോയി
ചടങ്ങിനെന്നോണം ആരൊക്കെയോ അടുത്തിരിക്കുന്നു.

ചിലർ ദുഃഖം അഭിനയിക്കുന്നു. മറ്റുചിലർ മാറി നിന്ന് ലോകകാര്യം പറയുന്നു. വേഗം ചടങ്ങുതീർത്ത് മടങ്ങാൻ മറ്റൊരു കൂട്ടർ. എല്ലാം എനിക്ക് കാണാമായിരുന്നെങ്കിലും ഞാൻ അക്ഷമയോടെ നോക്കി നിന്നത് മാറ്റാരെയുമല്ല, നിന്നെ തന്നെ!

അവസാനം നീ വരുന്നത് ഞാൻ കണ്ടു. എനിക്ക് ഓടിവന്നാലിംഗനം ചെയ്യാൻ തോന്നി. പക്ഷേ, കഴിയുന്നില്ല. പതുക്കെ അടുത്തേക്ക് വന്ന നീ നിന്റെ മുഖം എന്നിലേക്കടുപ്പിച്ചു. രൂക്ഷഗന്ധം കൊണ്ടായിരിക്കും നീ പെട്ടന്ന് മുഖം തിരിച്ചു.

എന്നോടുള്ള ആസക്തി കൊണ്ടാവും നീ വീണ്ടും എന്നെ ചുംബിച്ചു. നിമിഷത്തിനുള്ളിൽ ഞാൻ നിന്നെക്കീഴ്പ്പെടുത്തി. എന്റെ രൂക്ഷഗന്ധം നിനക്ക് സുഗന്ധമായിത്തോന്നി. ഏതുറക്കത്തിലും നിന്നെ ഉണർത്തുന്ന സുഗന്ധം

പലപ്പോഴും എന്റെ സ്വന്തം എന്ന് കരുതിയ പലതും ഉപേക്ഷിക്കേണ്ടി വന്നപ്പോഴും പിന്നെയും പിന്നെയും അതൊക്കെ എന്നെ വേദനിപ്പിച്ചപ്പോഴും നീയെനിക്കാശ്വാസമായിരുന്നു..

സുഖദുഃഖങ്ങളിൽ പിരിയാനാവത്ത വിധം നാം ഒന്നു ചേർന്നു. നീയില്ലെങ്കിൽ ഞാനില്ലതായി. അത്രയധികം എന്റെ ഹൃദയത്തോട് നീ ചേർന്നു നിന്നത് കൊണ്ടായിരിക്കും ശാസ്ത്രക്രിയ ചെയ്ത ഡോക്ടർ പോലും പറഞ്ഞത് എന്റെ ചങ്കു മുഴുവനും നീയാണെന്ന്....
അതു നിലപ്പിച്ചതും! നീയാണെന്ന്....അതു നിലപ്പിച്ചതും!



## 'അരങ്ങിൽ ശ്രീധരൻ ജന്മശതാബ്ദി പതിപ്പ്' പ്രകാശനം ചെയ്തു

കോഴിക്കോട്: അരങ്ങിൽ ശ്രീധരൻ ഗാന്ധിയൻ സോഷ്യലിസ്റ്റ് പഠനകേന്ദ്രം പ്രസിദ്ധീകരിച്ച 'അരങ്ങിൽ ശ്രീധരൻ ജന്മശതാബ്ദി പതിപ്പ്' ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള, മേയർ ബീനാ ഫിലിപ്പിന് നൽകി പ്രകാശനം ചെയ്തു. മൂല്യങ്ങൾക്ക് വേണ്ടി ജീവിതം സമർപ്പിച്ച നേതാവായിരുന്നു അരങ്ങിൽ ശ്രീധരനെന്നും പൊതുപ്രവർത്തനമെന്നു പറഞ്ഞാൽ സമൂഹത്തിന് അങ്ങോട്ടു കൊടുക്കുന്ന രാഷ്ട്രീയമാണ് അദ്ദേഹം ഉയർത്തിപിടിച്ചതെന്നും അരങ്ങിൽ ശ്രീധരന്റേയും ഡോ. രാംമനോഹർ ലോഹ്യയുടെ ജീവിതം പുതുതലമുറ സ്വായത്തമാക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പഠനകേന്ദ്രം പ്രസിഡന്റ് പി.ടി ആസാദ് അധ്യക്ഷത വഹിച്ചു. മുതിർന്ന സോഷ്യലിസ്റ്റ് നേതാക്കളായ മുൻ മന്ത്രി സി.കെ നാണു, മുൻ എം.എൽ.എ എം.കെ പ്രേംനാഥ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ജന്മശതാബ്ദി പതിപ്പ് എഡിറ്റോറിയൽ ബോർഡംഗങ്ങൾക്ക് ഗവർണർ ഉപഹാരം നൽകി. ജന്മശതാബ്ദി പതിപ്പ് ചീഫ് എഡിറ്റർ പി.ടി നിസാർ പഠന കേന്ദ്രം ട്രഷറർ അഡ്വ.എ.കെ ജയകുമാർ, എഴുത്തുകാരൻ കെ.ബി കുട്ടി എന്നിവർ സംസാരിച്ചു. പഠന കേന്ദ്രം ജന. സെക്രട്ടറി കെ.പി അബൂബക്കർ സ്വാഗതവും വൈസ് പ്രസിഡന്റ് ആർ.ജയന്ത്കുമാർ നന്ദിയും പറഞ്ഞു.

## 'വിധവ വയോജന ക്ഷേമ കോർപറേഷൻ രൂപീകരിക്കണം'

കോഴിക്കോട്: വിധവകളുടെയും അഗതികളുടെയും ഉന്നമനത്തിന് വേണ്ടി സർക്കാർ വിധവ വയോജന ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കണമെന്ന് ലോക വിധവ ദിനാചരണത്തിന്റെ ഭാഗമായി ഹോട്ടൽ നളന്ദയിൽ ചേർന്ന ദേശീയ വിധവ അഗതി ക്ഷേമസമിതി യോഗം ആവശ്യപ്പെട്ടു.

കർണാടകത്തിലെയും തമിഴ്നാട്ടിലെയും പോലെ സ്ത്രീകൾക്കും മുതിർന്നവർക്കും ബസ്സ് യാത്ര സൗജന്യമാക്കാനും ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം നടത്താനും സംസ്ഥാന സർക്കാർ തയ്യാറാവണം.

സംസ്ഥാന ജനറൽ സെക്രട്ടറി എ.കെ ചന്ദം നമ്പാറ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മുഖ്യരക്ഷാധികാരി രമദാസ് വേങ്ങേരി യോഗം ഉദ്ഘാടനം ചെയ്തു. ബീന ഗോപാൽ, രാജമ്മ മുരുകൻ, പി.കെ സലീം, തങ്കം പറമ്പിൽ, ഷീബ കെ. നായർ, വിജയ പോലൂർ, കെ. ശ്രീകുമാരി അമ്മ, കദീജ മകരപറമ്പ്, പി.ലീല എന്നിവർ സംസാരിച്ചു. സെപ്തംബർ ഒൻപതിന് സംഘടനയുടെ സംസ്ഥാന കൺവൻഷൻ പാലക്കാട് നമ്പാറയിൽ വച്ച് നടത്താനും യോഗം തീരുമാനിച്ചു. തുടർന്ന് മെംബർഷിപ്പ് ക്യാംപയിനും നടത്തി.

# സഞ്ജു സാംസണെ ടെസ്റ്റ് ടീമിലും ഉൾപ്പെടുത്താമായിരുന്നു; സുനിൽ ഗവാസ്കർ



മുംബൈ: ഇന്ത്യൻ ടീമിന്റെ വെസ്റ്റ് ഇൻഡീസ് പര്യടനത്തിനുള്ള ഏകദിന ടീമിലേക്ക് തെരഞ്ഞെടുത്ത മലയാളി വിക്കറ്റ് കീപ്പർ ബാറ്റർ സഞ്ജു സാംസണെ ടെസ്റ്റ് ടീമിലും ഉൾപ്പെടുത്താമായിരുന്നുവെന്ന് സുനിൽ ഗവാസ്കർ. സഞ്ജു ഏകദിന ടീമിൽ തിരിച്ചെത്തിയതിൽ സന്തോഷമുണ്ട്. കാരണം, സഞ്ജു വലിയ പ്രതിഭയുള്ള താരമാണ്. അവനെ ടെസ്റ്റ് ടീമിലും ഉൾപ്പെടുത്താമായിരുന്നു. അതിനുള്ള അവസരമാണ് നഷ്ടമായത്. അതുപോലെ, ഐ.പി.എല്ലിൽ മിന്നുന്ന പ്രകടനം പുറത്തെടുത്തിട്ടും യശസ്വി ജയ്സ്വാളിനെ ഏകദിന ടീമിൽ ഉൾപ്പെടുത്താതിരുന്നതിനെയും ഗവാസ്കർ ചോദ്യം ചെയ്തു. വൈറ്റ് ബോൾ ക്രിക്കറ്റിൽ മികവ് കാട്ടിയ യശസ്വി ജയ്സ്വാൾ ഏകദിന ടീമിലില്ലെന്നതും നിരാശയാണ്. ഐപിഎല്ലിലും വൈറ്റ് ബോൾ ക്രിക്കറ്റിലും യശസ്വി പുറത്തെടുക്കുന്ന പ്രകടനങ്ങൾ അസാമാന്യമാണ്. രാജസ്ഥാൻ റോയൽസിൽ ക്യാപ്റ്റൻ സഞ്ജു സാംസണിന്റെയും കോച്ച് കുമാർ സംഗക്കാരയുടെയും പൂർണ പിന്തുണയും അവനുണ്ടായിരുന്നുവെന്നും ഗവാസ്കർ പറഞ്ഞു. അതുപോലെ ടെസ്റ്റ്, ഏകദിന ടീമുകളിൽ ഇടം ലഭിക്കാതിരുന്ന അർഷ്ദീപ് സിംഗിനെ മൂന്ന് ഫോർമാറ്റിലും കളിപ്പിക്കാവുന്ന പേസറാണെന്നും ഗവാസ്കർ പറഞ്ഞു. ഈ മാസം ആദ്യ കൗണ്ടി ചാംപ്യൻഷിപ്പിൽ കെന്റിനായി അരങ്ങേറിയ അർഷ്ദീപ് നാലു വിക്കറ്റുമായി തിളങ്ങിയിരുന്നു. അവനാണ് ഇന്ത്യൻ പേസ് ബൗളിംഗിന്റെ ഭാവി. ഐ.പി.എല്ലിൽ അവൻ കുറച്ച് റൺസൊക്കെ വഴങ്ങിയിരിക്കാം. പക്ഷെ അവനെ ടെസ്റ്റിലുൾപ്പെടെ മൂന്ന് ഫോർമാറ്റിലും കളിപ്പിക്കേണ്ടതായിരുന്നു. കൗണ്ടിയിൽ ഇംഗ്ലണ്ടിലെ സാഹചര്യങ്ങളിൽ അവൻ മികവ് കാട്ടുന്നുണ്ടെന്നും ഗവാസ്കർ പറഞ്ഞു. ഇന്ത്യൻ ടി20 ടീം അംഗമായ അർഷ്ദീപിനെ ടെസ്റ്റ്, ഏകദിന ടീമുകളിൽ സെലക്ടർമാർ ഉൾപ്പെടുത്തിയിട്ടില്ല. വിൻഡീസ് പര്യടനത്തിനുള്ള ഇന്ത്യയുടെ **ടെസ്റ്റ് ടീം:** രോഹിത് ശർമ (ക്യാപ്റ്റൻ), ശുഭ്മാൻ ഗിൽ, റിതുരാജ് ഗെയ്ക്വാദ്, വിരാട് കോലി, യശസ്വി ജയ്സ്വാൾ, അജിങ്ക്യ രഹാനെ (വൈസ് ക്യാപ്റ്റൻ), കെ.എസ് ഭരത്, ഇഷാൻ കിഷൻ, ആർ. അശ്വിൻ, രവീന്ദ്ര ജഡേജ, ഷാർദുൽ താക്കൂർ, അക്സർ പട്ടേൽ , മുഹമ്മദ് സിറാജ്, മുകേഷ് കുമാർ, ജയ്ദേവ് ഉനദ്കട്ട്, നവ്ദീപ് സെയ്നി. ഇന്ത്യയുടെ **ഏകദിന ടീം:** രോഹിത് ശർമ്മ (ക്യാപ്റ്റൻ), ശുഭ്മാൻ ഗിൽ, റിതുരാജ് ഗെയ്ക്വാദ്, വിരാട് കോഹ്ലി, സൂര്യ കുമാർ യാദവ്, സഞ്ജു സാംസൺ , ഇഷാൻ കിഷൻ, ഹാർദിക് പാണ്ഡ്യ (വൈസ് ക്യാപ്റ്റൻ), ഷാർദുൽ താക്കൂർ, രവീന്ദ്ര ജഡേജ, അക്സർ പട്ടേൽ, യുസ്വേന്ദ്ര ചാഹൽ, കുൽദീപ് യാദവ്, ജയദേവ് ഉനദ്കട്ട്, മുഹമ്മദ് സിറാജ്, ഉമ്രാൻ മാലിക്, മുകേഷ് കുമാർ.




# ചൈനീസ് തായ്പേയ് ഓപ്പൺ; എച്ച്.എസ് പ്രണോയ് പുറത്ത്

തായ്പേയ്: ഇന്ത്യയുടെ മലയാളി ബാഡ്മിന്റൺ താരം എച്ച്.എസ് പ്രണോയ് ചൈനീസ് തായ്പേയ് ഓപ്പൺ ടൂർണമെന്റിൽ നിന്ന് പുറത്ത്. ക്വാർട്ടർ ഫൈനലിൽ ടൂർണമെന്റിലെ അഞ്ചാം സീഡായ ഹോങ്കോങ്ങിന്റെ എൻജി കാ ലോങ് അംഗസ്സിനോടാണ് പ്രണോയ് പരാജയപ്പെട്ടത്. മത്സരത്തിന്റെ ആദ്യ ഗെയിമിൽ നന്നായി പൊരുതിയ പ്രണോയ് രണ്ടാം ഗെയിമിൽ പിന്നോട്ടുപോയി. സ്കോർ: 19-21, 8-21. ഇതുവരെ 12 തവണ ഇരുവരും പരസ്പരം ഏറ്റുമുട്ടിയത് അതിൽ ഇരുവരും ആറ് തവണ വീതം വിജയിച്ചു. ഈയിടെ അവസാനിച്ച മലേഷ്യൻ മാസ്റ്റേഴ്സ് സൂപ്പർ 300 ടൂർണമെന്റിൽ പ്രണോയ് കിരീടം നേടിയിരുന്നു. ഇൻഡൊനേഷ്യ ഓപ്പണിന്റെ സെമിയിലും താരം പ്രവേശിച്ചിരുന്നു. പുരുഷ സിംഗിൾസ് ലോക റാങ്കിങ്ങിൽ ഒൻപതാം സ്ഥാനത്താണ് പ്രണോയ്.

# കേസ് രാഷ്ട്രീയക്കളി, കെ.സുധാകരന് പണം നൽകിയിട്ടില്ല: മോൺസൺ മാവുങ്കൽ



തിരുവനന്തപുരം: കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരന് താൻ പണം നൽകിയിട്ടില്ലെന്ന് സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതിയായ മോൻസൺ മാവുങ്കൽ. കേസിൽ സുധാകരൻ പ്രതി ചേർത്തത് രാഷ്ട്രീയക്കളിയെന്നും മോൻസൺ മാവുങ്കൽ പറഞ്ഞു. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചെന്ന് ആരോപിക്കുന്ന ദിവസങ്ങളിൽ സുധാകരൻ വീട്ടിൽ ഉണ്ടായിരുന്നില്ലെന്നും മോൺസൻ മാവുങ്കൽ ആവർത്തിച്ചു. അതിനിടെ പുരാവസ്തു തട്ടിപ്പ് കേസിൽ അറസ്റ്റിലായ സാഹചര്യത്തിൽ ആവശ്യമെങ്കിൽ കെ.പി.സി.സി അധ്യക്ഷ സ്ഥാനത്തു നിന്നും മാറി നിൽക്കാമെന്ന് കെ.സുധാകരൻ ഇന്ന് പറഞ്ഞു. കെ.സുധാകരൻ മാറേണ്ട ഒരാവശ്യവുമില്ലെന്ന് കോൺഗ്രസ് ദേശീയ, സംസ്ഥാന നേതാക്കൾ കൂട്ടത്തോടെ വ്യക്തമാക്കി. കേസിനെ രാഷ്ട്രീയമായും നിയമപരമായും നേരിടാനാണ് പാർട്ടി നേതാക്കളുടെ തീരുമാനം. നേരത്തെ ആരോഗ്യപ്രശ്നം കാരണം സുധാകരൻ മാറണമെന്ന ആവശ്യം ഉയർത്തിയ എ-ഐ ഗ്രൂപ്പ് നേതാക്കളും നിലവിൽ മാറ്റം വേണ്ടെന്ന നിലപാടെടുത്തു. സ്ഥാനമൊഴിഞ്ഞാൽ അത് സി.പി.എമ്മിന് രാഷ്ട്രീയ നേട്ടമാകുമെന്നാണ് കോൺഗ്രസ്സിലെ പൊതുവിലയിരുത്തൽ.

# രാജ്യത്തെ പിന്നിൽനിന്ന് കുത്തി, വഞ്ചനയ്ക്ക് കടുത്ത മറുപടിയുണ്ടാകും: പുടിൻ



മോസ്കോ: വാഗ്നർ സേന തലവൻ യെവ്ഗനി പ്രിഗോഷിൻ മോസ്കോ ലക്ഷ്യമാക്കി നീങ്ങുന്നതിനെതിരേ റഷ്യൻ പ്രസിഡന്റ് വ്ളാഡ്മിർ പുടിൻ. രാജ്യത്തെയും ജനതയെയും പിന്നിൽ നിന്ന് കുത്തുന്ന രീതിയാണിതെന്നും രാജ്യത്തിനെതിരായ ഏതൊരു നീക്കത്തിനും കടുത്ത മറുപടിയുണ്ടാകുമെന്നും പുടിൻ പറഞ്ഞു. വാഗ്നർ ഗ്രൂപ്പിന്റെ കലാപശ്രമത്തെ രാജ്യദ്രോഹമെന്ന് വിളിച്ച പുടിൻ, റഷ്യൻ സൈന്യത്തിനെതിരേ ആയുധമെടുക്കുന്ന ഏതൊരാളും ശിക്ഷിക്കപ്പെടുമെന്നും ഓർമിപ്പിച്ചു. റഷ്യയെ സംരക്ഷിക്കാൻ എന്തും ചെയ്യും. പുതിയ സാഹചര്യത്തിൽ റഷ്യൻ സായുധസേനയ്ക്ക് ആവശ്യമായ നിർദേശങ്ങളും ഉത്തരവുകളും നൽകിക്കഴിഞ്ഞു. റോസ്തോവിൽ സ്ഥിതിഗതികൾ സുസ്ഥിരമാക്കാൻ നിർണായക നടപടികളിലേക്ക് കടന്നതായും പുടിൻ വ്യക്തമാക്കി. പലരുടേയും വ്യക്തിഗത താൽപ്പര്യങ്ങൾ റഷ്യയെ ഒറ്റുകൊടുക്കുന്നതിലേക്കും സ്വകാര്യ സായുധ സംഘങ്ങൾ രാജ്യത്തിനെതിരേ പോരാടുന്നതിലേക്കും നയിച്ചതായും പുടിൻ ആരോപിച്ചു. റോസ്തോവിൽ ശനിയാഴ്ച രാവിലെ മുതലുണ്ടാകുന്ന സംഭവങ്ങളെ കലാപമെന്നാണ് പുടിൻ വിശേഷിപ്പിച്ചത്. റോസ്തോവിലെ സ്ഥിതി മോശമാണെന്നും അത് അതിർത്തി മേഖലയിലെ ഭരണസംവിധാനത്തിന്റേയും സൈന്യത്തിന്റേയും പ്രവർത്തനം തടഞ്ഞുവച്ചിരിക്കുകയാണെന്നും റഷ്യൻ പ്രസിഡന്റ് ചൂണ്ടിക്കാട്ടി. നിക്ഷിപ്ത താൽപര്യത്തിനായി രാജ്യത്തിനെതിരായ വഞ്ചനയ്ക്ക് കൂട്ടുനിൽക്കുന്നവരോട് ക്ഷമിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. ഉക്രെയ്നെതിരായ റഷ്യൻ നീക്കങ്ങളിൽ മുൻനിരയിലായിരുന്നു വാഗ്നർ സേനയുടേയും തലവൻ പ്രിഗോഷിന്റേയും സ്ഥാനം. പുടിന്റെ വിശ്വസ്തനെന്ന് അറിയപ്പെട്ടിരുന്ന പ്രിഗോഷിൻ പക്ഷേ ഏതാനും നാളായി റഷ്യൻ സൈനിക മേധാവികൾക്കെതിരേ വിമർശനങ്ങളുന്നയിക്കാറുണ്ട്. ഉക്രെയ്നിലെ പോരാട്ടത്തിന് ആയുധങ്ങൾ നൽകാത്തതും വാഗ്നർ സൈനികർ കൊല്ലപ്പെട്ടതും പ്രകോപനത്തിന് കാരണമായിരുന്നു. ബഖ്മുത്തിലെ മുന്നേറ്റങ്ങൾക്ക് പിന്നാലെ ഇരുകൂട്ടർക്കുമിടയിലെ അസ്വാരസ്യങ്ങൾ രൂക്ഷമാക്കി.

# കക്കാട് സ്കൂൾ കൂടുതൽ കളറാകുന്നു; 'വിഷൻ 2025' ഹൈടെക് കെട്ടിടത്തിന്റെ ശിലാസ്ഥാപനം ജൂലൈ ഒമ്പതിന് വിദ്യാഭ്യാസ മന്ത്രി നിർവഹിക്കും



**'വിഷൻ 2025' കക്കാട് സ്കൂൾഹൈടെക് കെട്ടിടത്തിന്റെ ഡിജിറ്റൽ മാതൃക**

മുക്കം: പാഠ്യ-പാഠ്യേതര രംഗത്ത് മികവിന്റെ വഴിയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ചുവട് വയ്ക്കുന്ന കക്കാട് ജി.എൽ.പി സ്കൂളിൽ വിഷൻ 2025 പദ്ധതിയുടെ ഭാഗമായി പുതുതായി പണിയാനിരിക്കുന്ന അത്യാധുനിക ഹൈടെക് കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം 2023 ജൂലൈ ഒമ്പതിന് നടക്കും. കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഞായറാഴ്ച രാവിലെ 11ന് കേരള പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. സ്കൂൾ വികസന സമിതിയുടെ നേതൃത്വത്തിൽ നാട്ടുകാരും പഞ്ചായത്തും വിലകൊടുത്ത് വാങ്ങിയ കണ്ടോളിപ്പാറയിലെ 22 സെന്റ് സ്ഥലത്താണ് കൂറ്റൻ കെട്ടിട സമുച്ചയം യാഥാർഥ്യമാകുക. തിരുവമ്പാടി എം.എൽ.എ ലിന്റോ ജോസഫിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മൂന്ന് കോടി രൂപയോളം ചെലവഴിച്ച് നിർമിക്കുന്ന കെട്ടിടത്തിന്റെ നിർമാണത്തിന് ഒരു കോടി 34 ലക്ഷം രൂപ ഇതിനകം പാസായിട്ടുണ്ട്. പരിപാടി നാടിന്റെ ഉത്സവമാക്കി മാറ്റാൻ സ്കൂളിൽ ചേർന്ന പി.ടി.എ, എസ്.എം.സി, എം.പി.ടി.എ എന്നിവയുടെ സംയുക്ത എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. ബലി പെരുന്നാളിന് മുമ്പായി നാട്ടുകാരുടെ വിപുലമായ യോഗം വിളിച്ചുചേർത്ത് സംഘാടകസമിതി രൂപീകരിക്കാനും തീരുമാനിച്ചു. സ്കൂളിൽ ഫുട്ബാൾ ടീമുണ്ടാക്കാനും പരിശീലനം പൂർത്തിയായ ശേഷം ഉപജില്ലാ തലത്തിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു. കായിക മന്ത്രി വി. അബ്ദുറഹ്മാൻ, ലിന്റോ ജോസഫ് എം.എൽ.എ, കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.പി സ്മിത, മുൻ ഇന്ത്യൻ ഫുട്ബാൾ ടീം നായകനും കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമായ യു. ഷറഫലി, മുക്കം എ.ഇ.ഒ ദീപ്തി ടീച്ചർ, കുന്ദമംഗലം ബി.പി.സി അജയൻ മാസ്റ്റർ ഉൾപ്പെടെയുള്ളവരെ പരിപാടികളിൽ പങ്കെടുപ്പിക്കാനും യോഗം തീരുമാനിച്ചു. യോഗം വാർഡ് മെമ്പർ എടത്തിൽ ആമിന ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് കെ.സി റിയാസ് അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക ജാനീസ് ജോസഫ് പ്രവർത്തന റിപ്പോർട്ടും സ്റ്റാഫ് സെക്രട്ടറി ജി. ഷംസുദ്ദീൻ മാസ്റ്റർ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. എസ്.എം.സി ചെയർമാൻ കെ. ലുഖ്മാനുൽ ഹക്കീം, വൈസ് ചെയർമാൻ നൗഷാദ് എടത്തിൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ പി. സാദിഖലി മാസ്റ്റർ, മുനീർ പാറമ്മൽ, ഷഹനാസ് ബീഗം പി.പി, കെ. ഫിറോസ് മാസ്റ്റർ, ഷാക്കിർ പാലിയിൽ, സാലിഹ് മാസ്റ്റർ, കമറുന്നീസ മൂലയിൽ, ഷീബ .എം, വിപിന്യ പി.കെ, ഷാമില .പി, എം. അബ്ദുൽഗഫൂർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.


**മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി സന്ധിരോഗ സ്പെഷ്യൽ ഒ.പി ക്ലിനിക്ക് ഉദ്ഘാടനം ചെയ്തപ്പോൾ**

# മർകസ് നോളജ് സിറ്റിയിൽ സന്ധിരോഗ സ്പെഷ്യൽ ഒ.പി ആരംഭിച്ചു

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയിലെ ഹോസ്പിറ്റലിൽ ജീവിത ശൈലീ സന്ധിരോഗങ്ങൾക്ക് സ്പെഷ്യൽ ഒ.പി ആരംഭിച്ചു. സാധാരണക്കാർക്കും മരുന്നുകൾ, സർജറി തുടങ്ങിയ ചികിത്സാ മാർഗങ്ങൾ പ്രയാസമുള്ളവർക്കും സൗജന്യമായി ഉപയോഗപ്പെടുത്താവുന്ന തരത്തിലാണ് സംവിധാനം. മർകസ് യുനാനി മെഡിക്കൽ കോളേജ് ജീവിത ശൈലീ ക്ലിനിക്കിന് കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ ഒ.പിയിൽ വാതം, തേയ്മാനം, മുട്ടുവേദന, കഴുത്തുവേദന, നടുവേദന അടക്കം വിവിധ സന്ധിരോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കും. ശരീര ചലനങ്ങൾ ചിട്ടപ്പെടുത്തിയും പ്രത്യേക ആഹാര രീതിയിൽ പരിശീലനം നൽകി സന്ധികളെയും പേശികളെയും ശക്തിപ്പെടുത്തിയും സന്ധിരോഗങ്ങൾക്ക് കൂടുതൽ മികച്ച പരിഹാരം കാണാൻ സാധിക്കുന്ന തരത്തിലാണ് ഈ ചികിത്സ. പഴക്കം ചെന്ന സന്ധിരോഗങ്ങൾക്കും ഫലപ്രദമായി ഈ രീതിയിൽ ചികിത്സിക്കാൻ കഴിയുമെന്നാണ് ഡോക്ടർമാർ അവകാശപ്പെടുന്നത്. മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി ക്ലിനിക്കിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ശൈഖ് ശാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു. സി.ഇ.ഒ ഡോ. അബ്ദുസ്സലാം മുഹമ്മദ്, ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയരക്ടർ ഡോ. പി.വി ശംസുദ്ദീൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഒ.കെ.എം അബ്ദുർറഹ്മാൻ എന്നിവർ പങ്കെടുത്തു. ഓരോ രോഗികൾക്കും പ്രത്യേക രോഗ നിർണയവും കൗൺസിലിംഗും പരിശീലനവും നൽകും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് അവസരം. ആദ്യഘട്ടത്തിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് ആർത്രൈറ്റിസ് ലൈഫ് സ്റ്റൈൽ ഒ.പി പ്രവർത്തിക്കുക. വിശദവിവരങ്ങൾക്കും ബുക്കിംഗിനും 6235998811 നമ്പറിൽ വിളിക്കുക.

# മണ്ഡല കലശാഭിഷേകവും വിശേഷാൽ പൂജകളും സാംസ്കാരിക സമ്മേളനവും നടന്നു



**അത്താണിക്കൽ ശ്രീനാരായണ ഗുരുവരാശ്രമത്തിൽ സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കേന്ദ്ര റബ്ബർ ബോർഡ് വൈസ് ചെയർമാൻ കെ.എ ഉണ്ണികൃഷ്ണൻ ചാലക്കുടി**

കോഴിക്കോട്: വെസ്റ്റ്ഹിൽ അത്താണിക്കൽ ശ്രീനാരായണ ഗുരുവരാശ്രമത്തിലെ പ്രതിഷ്ഠക്കു ശേഷമുള്ള 41ാമത് ദിനത്തിൽ മണ്ഡല കലശാഭിഷേകവും വിശേഷാൽ പൂജകളും സാംസ്കാരിക സമ്മേളനവും നടന്നു. പരിപാടികളുടെ ഉദ്ഘാടനം കേന്ദ്ര റബ്ബർ ബോർഡ് വൈസ് ചെയർമാനും ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയുമായ കെ.എ ഉണ്ണികൃഷ്ണൻ ചാലക്കുടി നിർവഹിച്ചു. ഗുരുവരാശ്രമത്തിലെ ഗുരുദേവ പ്രതിഷ്ഠയോട് കൂടി മലബാറിൽ ശ്രീനാരായണ ധർമ പ്രചരണ രംഗത്ത് വലിയ മുന്നേറ്റമാണ് ഉണ്ടാകാൻ പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. ശിവഗിരി മഠത്തിലെ സ്വാമി പ്രബോധതീർത്ഥ അനുഗ്രഹ പ്രഭാഷണം നടത്തി. ചടങ്ങിൽ എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ പ്രസിഡന്റ് ഷനൂപ താമരക്കുളം അധ്യക്ഷത വഹിച്ചു. യൂണിയൻ സെക്രട്ടറി സുധീഷ് കേശവപുരി, യോഗം ഡയരക്ക് കെ.ബിനുകുമാർ, യൂണിയൻ വൈസ് പ്രസിഡന്റ് രാജീവ് കുഴിപ്പള്ളി, ശാലിനി ബാബുരാജ്, ലീലാ വിമലേശൻ, എ.എം ഭക്തവത്സലൻ, വി.സുരേന്ദ്രൻ, രാജേഷ് മാങ്കാവ്, സുജ നിത്യാനന്ദൻ , ഷമീന സന്തോഷ് എന്നിവർ സംസാരിച്ചു. രാവിലെ മുതൽ മഹാഗുരുപൂജ, ശാന്തി ഹവനീ, ഗണപതി ഹോമം പഞ്ചവിംശതി, കലശപൂജ, കലശാഭിഷേകം, പ്രസാദ ഊട്ട് സമൂഹ പ്രാർത്ഥന, ദീപാരാധന എന്നിവ നടന്നു.

# 'എ.സുജനപാൽ അനുസ്മരണം' നടത്തി

കോഴിക്കോട്: ആക്ടീവ് കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ മുൻ മന്ത്രിയും സഞ്ചാര സാഹിത്യകാരനുമായ എ.സുജനപാലിന്റെ പന്ത്രണ്ടാം ചരമവാർഷിക ദിനാചരണത്തോടനുബന്ധിച്ച് അനുസ്മരണ സമ്മേളനം നടത്തി. യോഗത്തിൽ പ്രസിഡന്റ് എ.കെ മുഹമ്മദാലി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി.ഐ. അജയൻ , എം.പി.രാമകൃഷ്ണൻ, എം.ടി. ബിജിത്ത്, ബോണി വർഗീസ്, കെ.സി അബ്ദുൾ റസാഖ്, ഡി.രവി, വിജയൻ ചേളന്നൂർ, കോശി അലക്സ്, കെ.സുബ്രമണ്യൻ എന്നിവർ സംസാരിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.